പതിനാലാം കേരള നിയമ സഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1219 — 31.10.2019- ൽ മറുപടിക്ക്

## കണ്ണൂർ ജില്ലയിലെ പാലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്: | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ എതൊക്കെ പാലങ്ങളാണ് പുതുക്കിപ്പണിയുന്നതിനും ബലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) **കണ്ണൂർ ജില്ലയിലെ പുതുക്കിപ്പണിയുന്നതിന തീരുമാനിച്ച പാലങ്ങൾ**<br>(1) കോളാട് പാലം (2) മൂന്നാം പാലം (രണ്ട് പാലങ്ങൾ) (3) കുറവ പാലം (4) അച്ചാരത്ത് പാലം (5) നാറാണത്ത് പാലം (6) പഞ്ചവടി പാലം (7) പഴയങ്ങാടി പാലം (8) ഒളവറ പാലം (9) കവ്വായി പാലം (10) അരവഞ്ചൽ പാലം (11) മണിയറ പാലം (12) ചേക്കുപാലം (13) കൊല്ലാക്കൽ പാലം (14) കുയ്യാലി പാലം (15) ആനപ്പന്തി പാലം (16) അയ്യപ്പൻ തോട്പാലം (17) മരുതായി പാലം (18) അഞ്ചരക്കണ്ടി പാലം (19) ചിറ്റാരിത്തോട് പാലം (20) പത്തായക്കല്ല് പാലം (21) കല്ലിക്കണ്ടി പാലം (22) പുത്തൂർ പാലം.<br>**ബലപ്പെടുത്തുന്നതിന തീരുമാനിച്ച പാലങ്ങൾ**<br>(1) പുന്നക്കടവ് പാലം (2) പാലപ്പുഴ പാലം (3) പെരിങ്ങത്തൂർ പാലം (4) ചെറ്റക്കണ്ടി പാലം (5) കണ്ണാപുരം പാലം (6) പൂച്ചെട്ടുക്കൽ പാലം (7) നെല്ലിക്കാപ്പാലം. (8) പഴയങ്ങാടി പാലം. |
| (ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി പാലം ബലപ്പെടുത്തുന്നതിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി പാലം ഉൾപ്പെടെ മൂന്ന് പാലങ്ങൾ ഒരേ കരാറിൽ ഉൾപ്പെടുത്തിയാണ് ബലപ്പെടുത്തൽ പ്രവൃത്തി നിർവഹിക്കുന്നത്. (മൊത്തം കരാർ തുക 3.32 കോടി രൂപയാണ്). ഇതിൽ പഴയങ്ങാടി പാലം ബലപ്പെടുത്തുന്നതിനായി 2.52 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

2020 മാർച്ച് 31 നോട്ടുകൂടി പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കിഫ്ബിയിലുൾപ്പെടുത്തി പഴയങ്ങാടിയിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി പഴയങ്ങാടിയിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തികരിച്ചു. ഡിസൈൻ ലഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ